വർകൾം ഒരു കാലത്തു് ഇതിന്റെ ചാർജ്ജു വഹിക്കുന്ന മന്ത്രിയായിരുന്നപ്പോൾ, അദ്ദേഹത്തിന്റെ അടുത്തു് ഒരു ഡെപ്യൂട്ടേഷൻ പോവുകയും, ഇതിനെ സംബന്ധിച്ചു് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം ഇന്നു മന്ത്രിയാണു്. ഇന്നു് അദ്ദേഹം ഇവിടെ ഹാജരുണ്ടായിരുന്നുവെങ്കിൽ ആ കാര്യം അദ്ദേഹം കാര്യമായിട്ടറിയുന്നു. അന്നു ഞങ്ങൾ സമർപ്പിച്ചിരുന്ന മെമ്മോറാണ്ടത്തിൽ ഈ സംഗതി പ്രത്യേകം പറഞ്ഞിട്ടുള്ളതാണു്. അദ്ദേഹവും അന്നു് ഈ തത്വം സ്വീകരിച്ചിട്ടുള്ളതാണു. എന്നാൽ അതു് ഇതുവരെ പ്രയോഗത്തിൽ വന്നിട്ടില്ല. അതുകൊണ്ടു് എന്തെങ്കിലും ഒരു ഗ്രാന്റു് പോരിക്കുകയെന്നു് വരുന്നതു് അക്രമമായിട്ടുള്ള ഒരു കാര്യമാണെന്നു് ഗവർമ്മേണ്ടു് വിചാരിക്കുന്നുണ്ടെങ്കിൽ അതു് പരമാബദ്ധമാണു്. ഇതു് വലിയ പ്രയാസമുള്ള സംഗതിയാണെന്നു് തോന്നുന്നില്ല. ഗവർമ്മേണ്ടിന്റെ ആത്മാർത്ഥത തെളിയേണ്ടതു്, അവരുടെ പ്രവൃത്തികളിൽനിന്നാണെന്നു് ഉന്നിപറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതായ മറുപടി ഒരു തിരുത്തിയാൽ തരക്കേടില്ലെന്നാണു് തോന്നുന്നതു്. ഗ്രാമോദ്ധാരണം എന്നു പറയുന്നതു് അധഃകൃതരെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നമല്ല. സാമാന്യജനങ്ങളെ എല്ലാവരേയും ബാധിക്കുന്ന ഒരു കാര്യമാണു്. ഇതു് സാമാന്യ ജനങ്ങളുടെ പ്രശ്നത്തിൽ ഉൾപ്പെടുന്നില്ലെന്നുള്ള വിഭാവനത്തിനു് ഈ പ്രമേയം ഇടകൊടുക്കുന്നില്ല. ഇത്രമാത്രമാണു് എനിക്കു് ഇതിനെക്കുറിച്ചു് പറയുവാനുള്ളതു്. ബഹുമാനപ്പെട്ട ഗവർമ്മേണ്ടു് ഈ പ്രമേയതത്വം ഉടനെ നടപ്പിൽ വരുത്തണമെന്നു് എനിക്കു ശക്തിയായി ഉൽബോധിപ്പിക്കുവാനുണ്ടു്. ഇതുയും പറഞ്ഞുകൊണ്ടു് ഈ പ്രമേയത്തെ സഭയുടെ അനുവാദത്തോടുകൂടി പിൻവലിച്ചുകൊള്ളുന്നു.

Resolution by leave with drawn

RESOLUTON No. 8.

Necessity to equip Taluk Head-quarter Hospitals properly for up-to-date treatment

***Mr. P. Kumaran Ezhuthassan** *(Vadakkancheri)*: "Mr. President, I move that this Council recommends to Government that the Taluk Head Quarter Hospitals be equipped for up-to-date treatment in all the Departments of medicine."

It is a very simple proposition which requires no argument to support it. What is demanded through this resolution is that the Headquarters of each Taluk which are very small in number—5 or 6 institutions—be equipped for treatment in all the Departments of medicine. That none of them except the one at Ernakulam is equipped well and equipped for treatment in all the departments of medicine will not be disputed. That proposition will not be denied. Even at Ernakulam—in the General Hospital—the authorities ought to know that the arrangements for treatment in certain departments of medicine are either non-existent or defective. For persons who know it the same is not necessary; for persons who do not want to know anything said by me will not be useful. Leaving the Head-quarters Hospital, and next the Trichur institution in other places like Vadakkancheri, Irinjalakkuda, Chittur, Cranganur, these places, persons who know the condition of the Hospitals there can understand the reasonableness of the demand that is contained in this resolution. True, when compared to other parts of India, we under a benign Government of the earlier days have been able—are blessed I may say—with hospitals more in number than in many other places. We are very grateful for whoever has been responsible to supply us with these. But the demand, Sir, is that, as far as possible the equipment of these hospitals is concerned, most important departments of medicine in most of these ones that I mentioned, Chittur, Vadakkancheri, Irinjalakkuda and Chittur—that is defective. If the Government will not be pleased to look into the substance of the demand and want only to find out arguments to be advanced against the acceptance of these propositions, plenty there are in the shape of arguments. But if the heart is there, if the keen desire to do what they are here for the present, my resolution, I am sure, ought to be accepted. I hope though the Hon'ble Minister for Public Health is unfortunately not to be seen in his seat, those who are in charge for the time being will rise equally to the occasion and inform the public of Cochin that their heart throbs with the suffering public in those places and at least to show that and after making them to understand that they are prepared to follow it up by action I expect, I pray that the Government be pleased to accept my proposition, Sir, I move.

---

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഞാൻ ഈ പ്രമേയത്തിന്റെ തത്വത്തോട് പരിപൂർണ്ണമായിട്ട് യോജിക്കുന്നു. ഇതു് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ള ഒരു സംഗതിയാണു്. എല്ലാ താലൂക്കുകളുടേയും പ്രധാനഭാഗങ്ങളിൽ എല്ലാ ചികിത്സകളും നടത്തേണ്ടതായ ആസ്പത്രികൾ ഉണ്ടായിരിക്കേണ്ടതു് ഒരു രാജ്യത്തിന്റെ ശ്രേയസ്സിനു് അത്യാവശ്യമാണു്. ഇതു ജനങ്ങളുടെ രക്ഷക്കു മാത്രമല്ല; രാജ്യത്തിന്റെ ശ്രേയസ്സിനുംകൂടി വേണ്ടതാണു്. ഇപ്പോൾ Xray ഡിപ്പാർട്ടുമെണ്ടു് എറണാകുളത്തു മാത്രമേയുള്ളു. അതും എല്ലാ സ്ഥലത്തും വേണ്ടതാണു്. നേത്രചികിത്സാലയം എറണാകുളത്തും, തൃശ്ശിവപേരൂരും ഇങ്ങിനെ രണ്ടുസ്ഥലത്തു മാത്രമേയുള്ളു. തൃശ്ശിവപേരൂർ താലൂക്കിന്റേയും തലപ്പിള്ളി താലൂക്കിന്റേയും ചിലഭാഗങ്ങളിൽ ഇതു പുതിയതായിട്ടു സ്ഥാപിക്കുവാൻ പോകുന്നതുകൊണ്ടു് ഈ കാര്യം ഒഴിച്ചുനിർത്താവുന്നതാണു്. എന്നാൽ ഭാന്താസ്പത്രി കൊച്ചീരാജ്യത്തിന്റെ ഒരു ഭാഗത്തു മാത്രമേയുള്ളു. അതും കഴിയുന്നതു് എല്ലാ താലൂക്കുകളിലും ഉണ്ടാക്കിയാൽ തരക്കേടില്ല. അതു് ആദ്യമായിട്ടു കൊച്ചിയുടെ വടക്കെ അറ്റം മുതൽ തുടങ്ങിയാൽ തരക്കേടില്ലെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഈ പ്രമേയത്തോടു ഗവൺമെണ്ടു പരിപൂർണ്ണമായിട്ടു യോജിക്കുന്നു. ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്നതു് ഓരോ താലൂക്കിന്റേയും തലസ്ഥാനത്തിലുള്ള ആസ്പത്രികൾ കുറെക്കൂടി നന്നായിരിക്കണമെന്നാണു്. അതായതു് ഈ റസലൂഷനിൽ പറഞ്ഞിരിക്കുന്നതു്, "that the Taluk Head-quarter Hospitals be equipped for up-to-date treatment in all the departments" എന്നാണു്. ഏതൊരുവിധത്തിലും ഗവൺമെണ്ടിനു് ഇതു നിഷേധിക്കുവാൻ പാടില്ലാത്ത ഒരാവശ്യമാണു്. എന്നാൽ അതേപടി ഒന്നു തിരിഞ്ഞുനോക്കുകയാണെങ്കിൽ അതു ചെയ്യുന്നുണ്ടോ ഇല്ലയോ എന്നു തീരുമാനിക്കുവാൻ ഒരിക്കലും നിവൃത്തിയില്ല. ഇരിങ്ങാലക്കുട, ചിറ്റൂർ മുതലായ ആസ്പത്രികളിൽ ചികിത്സയുണ്ടെന്നു മാത്രമേ പറയുവാൻ നിവൃത്തിയുള്ളു. രോഗികളെ കൊണ്ടുചെന്നാൽ ചികിത്സിപ്പിക്കുവാൻ സാധിക്കും എന്നുള്ളതല്ലാതെ വേണ്ടിടത്തോളം സ്ഥലമില്ലാത്തതുകൊണ്ടു് ആളെ ചേർത്തില്ലെന്നും വന്നേക്കാം. ചികിത്സിക്കുവാനുള്ള സൌകര്യമില്ലെന്നു പറയുവാനും നിവൃത്തിയില്ല. ഈ ആസ്പത്രി ശരിക്കു നടക്കുന്നുണ്ടോയെന്നു ചോദിച്ചാൽ ഉണ്ടെന്നും ഇല്ലെന്നും പറയാം. ഈ കാര്യത്തിൽ മിനിസ്ട്രി വന്നതിന്നുശേഷം ചില പദ്ധതികളൊക്കെ സ്വീകരിച്ചിട്ടുണ്ടു്. ആ പദ്ധതി വിവരിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്കു തൃപ്തിയാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു ആതുരപത്രി ഈ രാജ്യത്തിൽ വളരെ പ്രധാനമായിട്ടു് ഉണ്ടാകും. അങ്ങിനെയുള്ള ഒരു പ്ലാനാണു് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ടി. കെ. നായർ ഉണ്ടാക്കിക്കഴിഞ്ഞിട്ടുള്ളതു്. ഒരു ആതുരപത്രി ധാരാളം വിശേഷങ്ങളോടുകൂടി ധാരാളം സൌകര്യങ്ങളോടുകൂടി ഉണ്ടാക്കിവെക്കുക. അങ്ങിനെ ഒരാസ്പത്രി തലസ്ഥാനനഗരമായ എറണാകുളത്തു സ്ഥാപിക്കണമെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്. അതിന്നുവേണ്ടി റാംമോഹൻ പാലസ്സിൽ മിലിട്ടറി ഹോസ്പിറ്റലിന്നുവേണ്ടി ഏർപ്പെടുത്തീട്ടുള്ള സാധനങ്ങളും വളരെ നിസ്സാരമായിട്ടുള്ള വിലക്കു ഗവൺമെണ്ടിന്റെ പരിശ്രമംകൊണ്ടു കിട്ടുവാനിടയായിട്ടുണ്ടു്. അവിടെ ധാരാളം സൌകര്യങ്ങളോടുകൂടിയ ഒരു ആസ്പത്രിയുണ്ടാക്കും. അങ്ങിനെ ധാരാളം ചികിത്സാസൌകര്യങ്ങളോടുകൂടി തലസ്ഥാനനഗരിയിൽ ഒരു ആസ്പത്രി ഏർപ്പെടുത്തുക. അതുപോലെതന്നെ വടക്കൻ പ്രദേശത്തേക്കുവേണ്ടി തൃശ്ശിവപേരൂരുള്ള സിവിൽ ആസ്പത്രി കുറെക്കൂടി നന്നാക്കി അതിന്റെ സൌകര്യങ്ങളും വിപുലപ്പെടുത്തിവെക്കുക. ഇങ്ങിനെ രണ്ടു ആസ്പത്രികളും വേണ്ടുന്ന സൌകര്യങ്ങളോടുകൂടി ഉണ്ടാക്കിവെക്കുക. മറ്റുള്ള താലൂക്കുകളിൽ സാമാന്യമായ സൌകര്യത്തോടുകൂടിയ ചികിത്സകളും ഏർപ്പെടുത്തുക. ഇങ്ങിനെയൊക്കെയാണു് ഗവൺമെണ്ടു് ആലോചിച്ചു തീർച്ചയാക്കിയിട്ടുള്ളതു്. ഇതുതന്നെയാണു് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നതും. ഇതിന്നു സൌകര്യങ്ങളും, സമയവുമൊക്കെ ലഭിക്കണം. ഇതു് ഇങ്ങിനെ തീർച്ചയാക്കിക്കഴിഞ്ഞുവെന്നുവെച്ചിട്ടു് ഇന്നതന്നെ ചെയ്യണമെന്നു പറഞ്ഞാൽ അതു എങ്ങിനെയാണു് സാധിക്കുക? ഈ ആസ്പത്രി റാംമോഹൻ പാലസ്സിൽ വേണമെന്നു തീരുമാനിച്ചതിന്നുശേഷം, അവിടെയുള്ള സാമഗ്രികളും മറ്റും വിട്ടുകിട്ടുവാൻ ഒരുദിവസംകൊണ്ടോ, ഒരാഴ്ചകൊണ്ടോ, ഒരുമാസംകൊണ്ടുതന്നെയോ സാധിക്കുമെന്നു ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെടുമെന്നു് എനിക്കു തോന്നുന്നില്ല. ഈ പ്രമേയം എടുത്തുകഴിഞ്ഞിട്ടുണ്ടു്. എറണാകുളത്തും തൃശ്ശിവപേരൂരും അങ്ങിനെയുള്ള

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഒരു അഡ്വാൻസ്ഡ് ട്രീറ്റ്മെന്റ് വേണമെന്ന തീച്ച്യായ്ക്കിക്കഴിഞ്ഞിട്ടുണ്ട്. സാമാന്യമായിട്ടുള്ള ആസ്പത്രികൾ ഹെഡ്കപ്പാട്ടേഴ്സിലും ഉണ്ടാക്കുക. അതിനുവേണ്ടി കൂടുതൽ അന്വേഷണം നടത്തിത്തുടങ്ങിട്ടുണ്ട് എന്നുവിചാരിച്ച് ഒരുമാസംകൊണ്ടോ, രണ്ടുമാസംകൊണ്ടോ ഇതു ചെയ്തുതീർക്കുവാൻ സാധിച്ചുവെന്നുവരികയില്ല. ഈ യജ്ഞം കഴിഞ്ഞതിനുശേഷം സാമഗ്രികൾ കിട്ടുവാനുള്ള ബുദ്ധിമുട്ടുകൾ ആർക്കും അറിയാവുന്നതാണ്. ഡോക്ടർമാരേയും കിട്ടുവാൻ വിഷമമാണ്. പ്രത്യേകിച്ചു ലേഡി ഡോക്ടർമാരെ കിട്ടുവാൻ പ്രയാസമായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച പ്രമേയം ഗവണ്മെണ്ടിനു സ്വീകാര്യമാണ്. അതു നീട്ടിക്കൊണ്ടുപോകണമെന്നുള്ള ഉദ്ദേശമില്ല. ഈ പ്രമേയം "This Council recommends to Government that the Taluk Head-quarters Hospitals be equipped for up-to-date treatment in all the Departments of Medicine" എന്നാണ് പറഞ്ഞിരിക്കുന്നതു്. അപ്പോൾ ഹെഡ്കപ്പാട്ടേഴ്സിലെ ചികിത്സകൊണ്ടു രോഗികൾക്കു ധാരാളം സൌകര്യമുണ്ടായിരിക്കണം. വലിയ വലിയ സുഖക്കേടുകൾ ചികിത്സിപ്പിച്ചു ഭേദപ്പെടുത്തണമെന്നുണ്ടെങ്കിൽ അതിനാവശ്യമായിട്ടുള്ള സാമഗ്രികൾ ആവശ്യമായിട്ടുള്ളതാണെന്നുണ്ടെങ്കിൽ ഒരുപക്ഷേ ഇങ്ങിനെയുള്ള ആസ്പത്രികളിലേക്കു വരേണ്ടതായിട്ടുവരും. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പറുടെ ഈ പ്രമേയത്തിന്റെ തത്വത്തോടു ഗവണ്മെണ്ടു യോജിക്കുന്നു.

*മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : സർ, ബഹുമാനപ്പെട്ട മന്ത്രി അവർകളുടെ മറുപടിയിൽ തൃശ്ശിവപേരൂർ ഇഴവപ്രതിനിധി ആവശ്യപ്പെട്ട സംഗതികൾക്കുള്ള മറുപടി പറഞ്ഞുകണ്ടില്ല. ത്തദ്ദേഹം രാജ്യത്തിന്റെ വടക്കെ അറ്റം മുതല്ക്കു ഭ്രാന്താസ്പത്രി സ്ഥാപിച്ചു വികസിപ്പിക്കണമെന്നു് ആവശ്യപ്പെട്ടു. പക്ഷെ, അദ്ദേഹത്തിന്റെ സ്ഥിരവാസമുള്ള തൃശ്ശിവപേരൂർ ഒന്നുള്ള സ്ഥിതിക്കു് അതിനടുത്തുള്ള മുകുന്ദപുരം താലൂക്കിൽ ഒന്നു സ്ഥാപിക്കുന്നതായാൽ അദ്ദേഹത്തിനു് അവിടേക്കു് എളുപ്പത്തിൽ എത്തുവാൻ സാധിക്കുന്നതുകൊണ്ടു് ആദ്യമായിട്ടു് അവിടെയൊന്നു തുറക്കുകയാണെങ്കിൽ എനിക്കു് ആക്ഷേപമില്ല. അദ്ദേഹത്തിനുണ്ടു സൌകര്യം ചെയ്തുകൊടുപ്പാൻ ഞാനപേക്ഷിക്കുന്നു.

ഇനി ഗവണ്മെണ്ടിന്റെ മറുപടിയെസംബന്ധിച്ചേടത്തോളം അപ്പടിമൊക്കെ വിശ്വസിക്കുവാൻ വകയുണ്ടു്. എന്നാൽ എന്റെ പ്രതീക്ഷ ഗുണംതന്നെയായിരിക്കും. മന്ത്രി അവർകളും പറഞ്ഞതു് എറണാകുളത്തും തൃശ്ശിവപേരൂരും ഓരോന്നു നല്ലനിലയിൽ നടത്തണമെന്നാണു്. എറണാകുളത്തും തൃശ്ശിവപേരൂരും ഉദ്യോഗസ്ഥന്മാർ അധികമുള്ളതുകൊണ്ടു് ഇവിടത്തെ കഴിഞ്ഞിട്ടു മാത്രം അങ്ങോട്ടു തിരിഞ്ഞാൽ പോരാ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അങ്ങിനെ പറഞ്ഞിട്ടില്ല. അങ്ങിനെ ബഹുമാനപ്പെട്ട മെമ്പർ ധരിച്ചിട്ടുണ്ടെങ്കിൽ അതു മാറണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : മാറാം. എറണാകുളത്തു കെങ്കേമമായ ഒരു ആസ്പത്രി വേണമെന്നല്ലേ പറഞ്ഞതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതോടൊപ്പം രണ്ടു സ്ഥലത്തും ആസ്പത്രി വേണമെന്നാണു പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ശരി, എനിക്കു് അതു മനസ്സിലാക്കുവാൻ സാധിക്കും. ന്യായമായിട്ടുള്ള ഏർപ്പാടുകൾ രണ്ടു ദിക്കിലും വേണം. അതിൽനിന്നു വ്യത്യാസപ്പെടുത്താൻ ഞാൻ ശ്രമിക്കുന്നില്ല. ബാക്കിയുള്ള ആസ്പത്രികളിലും എല്ലാവിധത്തിലുള്ള രോഗികളേയും കിടത്തി ചികിത്സിക്കാറാകണം. ഈ രണ്ടു സ്ഥലത്തും M.B., B.S., പാസ്സായ ട്രയ്ഡ് ഡോക്ടർമാരാണു. എല്ലാ ഡോക്ടർമാരും പരിശീലനം ഉള്ള ആളുകളല്ലേ ? പലതും ഉണ്ടു്. ബാക്കിയുള്ള പ്രദേശങ്ങളിൽ ഉള്ള ആസ്പത്രികളിൽ എല്ലാവിധത്തിലുള്ള രോഗങ്ങൾക്കും ചികിത്സക്കുള്ള ഏർപ്പാടു് ഇല്ല. മിക്ക സ്ഥലങ്ങളിലും ഡാക്ടർമാർ എം. ബി.,ബി. എസ്സ്., പാസ്സായ ആളുകളാണു്. ഞാൻ ഈ പ്രമേയം അവതരിപ്പിക്കാനുള്ള കാരണം ഈ ഡാക്ടർമാർ ഉള്ള ആസ്പത്രികളിൽ എല്ലാവിധരോഗങ്ങൾക്കും ചികിത്സിക്കാനുള്ള ഏർപ്പാടു് ഉണ്ടായിത്തീരണമെന്നുള്ള ലക്ഷ്യം വെച്ചുകൊണ്ടാണു്. അതുകൊണ്ടു് ഈ പ്രമേയത്തിൽ ആവശ്യപ്പെട്ട സംഗതിയെക്കുറിച്ചു് ഒരു മറുപടി പറഞ്ഞൊഴിഞ്ഞാൽ മതിയെന്നുണ്ടെങ്കിൽ അതു മതി. ഡാക്ടർമാർ ഉണ്ടെങ്കിലും ചികിത്സിക്കാനുള്ള സൌകര്യമൊ സാമഗ്രികളൊ ഇല്ലെന്നു് എല്ലാ ആസ്പത്രികളിലും മൊത്തത്തിൽ ഒരു നോട്ടംകൊണ്ടു മനസ്സിലാക്കാൻ സാധിക്കും. അതു കണ്ടുകൊണ്ടാണു ഞാൻ ഈ പ്രമേയത്തെ ആദ്യം എഴുതിയതു്. ഇതുകൊണ്ടു് എല്ലാവക്കും ഗുണമായെങ്കിലൊ എന്നുവെച്ചാണു പ്രമേയത്തെ അങ്ങിനെ എഴുതി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

അയച്ചതു്. ഏതായാലും ബഹുമാനപ്പെട്ട മന്ത്രി, ഇപ്പോൾ ഇവിടെ ഇല്ലാത്ത മന്ത്രി, ഡെൽഹിക്കു പോയതുകൊണ്ടു കുറച്ചെങ്കിലും ഫലം കിട്ടി എന്നു കാണുന്നതിൽ ഞാൻ കുറച്ചെങ്കിലും സന്തോഷിക്കുന്നു. ഒരു പ്ലാൻ കിട്ടി എന്നു പറഞ്ഞുവല്ലൊ. അങ്ങിനെയെങ്കിലും അല്പം ആശ്വാസത്തിനു വഴിയുണ്ടല്ലൊ. കഞ്ഞിയെങ്കിലും കിട്ടിയാൽ മതി എന്നു വിചാരിക്കുമ്പോൾ കഞ്ഞി കിട്ടുകയാണെങ്കിൽ ഒന്നും കിട്ടാതിരിക്കുന്നതിലും ഭേദമാണെല്ലൊ. എല്ലാ രോഗങ്ങൾക്കും വിധിയാംവണ്ണം ചികിത്സിക്കുവാൻ ഈ പറഞ്ഞ സ്ഥലങ്ങളിൽ, അതായതു തൃശ്ശിവപേരൂരും എറണാകുളത്തും ഉള്ള ആസ്പത്രികൾപോലെ കെട്ടിടങ്ങളൊന്നും അത്ര വലിപ്പത്തിലൊന്നും വേണ്ട. ഓരോ താലൂക്കിലേയും ഓരോ പ്രദേശത്തുമുള്ള ആളുകൾക്കു ജനറൽ ആസ്പത്രിയിൽ എത്തുവാനുള്ള കഴിവുകേടുകൊണ്ടു രോഗികൾക്കു തക്കരാവു പറ്റാതിരിക്കാൻ തക്കവിധത്തിലുള്ള ഒരു നില വരുത്തിത്തരണമെന്നാണു് എന്റെ നിർദ്ദേശം. എതായാലും ഗവൺമെണ്ടിന്റെ മറുപടിയിൽനിന്നു് എന്തെങ്കിലും ഗുണമുണ്ടാകുമെന്നു വിചാരിക്കാവുന്നതുകൊണ്ടു ഞാൻ സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

Resolution by leave with-drawn

RESOLUTION No. 9

Need for introduction of individual tobacco license system

Mr. M. I. Paul *(Narakkal)*: *"This Council recommends to Government that indiv dual tobacco license system should be introduced in the State as in British India."*

ഇന്നു കൊച്ചിരാജ്യത്തു tobacco license ലേലം വിളിച്ചുകൊടുക്കുന്ന സമ്പ്രദായമാണു് കാണുന്നതു്. വലിയവലിയ മുതലാളിമാരും പണം കെട്ടിയിരുപ്പുള്ളവരും വാശിയോടുകൂടി ലേലംവിളിച്ചു ലേലസംഖ്യ കൂട്ടി ലേലംവിളിച്ചു ലൈസൻസ്സു വാങ്ങിച്ചു tobaccoയിനെ സംബന്ധിച്ചുള്ള വില്പനകാര്യം നടത്തുന്നതായി നമ്മുക്കു കാണുന്നു. ഇതിന്റെ ഫലമായി ബീഡി തെറുക്കുകയും പുകയിലകൊണ്ടു പ്രവൃത്തിയെടുക്കുകയും ചെയ്യുന്ന ബീഡിത്തൊഴിലാളികൾക്കും മറ്റും പല വിഷമതകളും വർദ്ധിച്ചുവരുന്നതായി നമുക്കു് അറിയാം. ഇതുകൊണ്ടു വമ്പിച്ച ആദായം മുതലാളിമാർ കരസ്ഥമാക്കുന്നുണ്ടെന്നും നമുക്കറിയാം. മുതലാളിമാരുടെ ഇത്തരം പ്രവർത്തികൾകൊണ്ടു തൊഴിലാളികളുടെ ഇടയിൽ പല വിഷമതകളും കുഴപ്പങ്ങളും രാജ്യത്തിന്റെ നാനാഭാഗത്തും ഉണ്ടെന്നും നമുക്കറിയാം. ബ്രിട്ടീഷിന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്ന സമ്പ്രദായം Individual license system ആണു്. അതായതു ഒരു ക.യൊ ഠ ക.യൊ കൊടുക്കുന്നപക്ഷം ഒരു ലൈസൻസ്സു് വാങ്ങിക്കാം. ഒരുപക്ഷെ മൊത്തമായി ലേലം ചെയ്യുന്നപക്ഷം ഗവൺമെണ്ടിനു് ഒരു വലിയ സംഖ്യ കിട്ടുവാൻ ഇടയുണ്ടു്. ലൈസൻസ്സു് സിസ്റ്റം വരുകയാണെങ്കിൽ വലിയ ഒരു സംഖ്യ ഗവൺമെണ്ടിനു കിട്ടാൻ ഇടവരുകയില്ല എന്നൊരാശങ്കയുണ്ടായിരിക്കാം. പക്ഷെ ഇന്നു തൊഴിലാളികളുടെ ഇടയിലുള്ള വിഷമതകളും പരിഹരിക്കുവാൻ ഈ ലൈസൻസ്സു് സമ്പ്രദായം നടപ്പിൽ വരുത്തിയാൽ എളുപ്പത്തിൽ സാധിക്കും. ബോംബെയിലും മറ്റും ബീഡിതെറുപ്പു നടത്തുന്നതു സ്ത്രീകളാണു്. നമ്മുടെ രാജ്യത്തും അനവധി സ്ത്രീകൾ ജോലിയില്ലാതെ കഷ്ടപ്പെടുന്നുണ്ടു്. ഈ ലൈസൻസ്സു് സിസ്റ്റം നടപ്പിൽ വരുത്തുകയാണെങ്കിൽ സ്ത്രീകൾക്കുപോലും അവരുടെ വീടുകളിൽ ഇരുന്നു ബീഡി തെറുക്കുക മുതലായ തൊഴിൽ ചെയ്തു വില്പന നടത്തുവാനും സമ്പാദിക്കുവാനും സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly